# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2424 | 05/02/2018-ൽ മറുപടിക്ക്

### വൈദ്യുതി സ്വയംപര്യാപ്തത

| | ചോദ്യം<br>ശ്രീ.ടി. വി. ഇബ്രാഹിം | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | 2017 വർഷത്തിൽ സംസ്ഥാനം പുറത്ത് നിന്ന് വൈദ്യുതി വാങ്ങിയിട്ടുണ്ടോ; | (എ) | വാങ്ങിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എവിടെ നിന്ന് എത്ര യൂണിറ്റ് വാങ്ങിയിട്ടുണ്ട്; ഏതൊക്കെ തരം വൈദ്യുതിയാണ് വാങ്ങിയത് എന്നും ഇതിന് എത്ര രൂപയാണ് ചെലവിട്ടത് എന്നുമുള്ള കാര്യങ്ങൾ അറിയിക്കാമോ; | (ബി) | 2017 വർഷത്തിൽ 18069.14 ദശലക്ഷം യൂണിറ്റ് വൈദ്യുതി സംസ്ഥാനത്തിനു പുറത്ത് നിന്നും വാങ്ങിയിട്ടുണ്ട്. പുറത്തു നിന്നും വൈദ്യുതി വാങ്ങിയ ഇനത്തിൽ 7729.11 കോടി രൂപ ചെലവായിട്ടുണ്ട്.<br><br>2017 ജനുവരി 1 മുതൽ ഡിസംബർ 31 വരെ പുറത്തുനിന്നും വാങ്ങിയ വൈദ്യുതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| എവിടെ നിന്ന് | എത്ര |
|---|---|
| 1. കേന്ദ്ര ഊർജ്ജ ഉത്പാദന നിലയങ്ങൾ | 10129.32 ദശലക്ഷം യൂണിറ്റ് |
| 2. ദീർഘകാല/മദ്ധ്യകാല കരാറുകൾ മുഖേന | 6650.12 ദശലക്ഷം യൂണിറ്റ് |
| 3. ഹ്രസ്വകാല കരാറുകൾ മുഖേന | 711.87 ദശലക്ഷം യൂണിറ്റ് |
| 4. സ്വാപ്പ് | 59.89 ദശലക്ഷം യൂണിറ്റ് |
| 5. പവർ എക്സ്ചേഞ്ച് മുഖേന | 517.94 ദശലക്ഷം യൂണിറ്റ് |

(..2)

| | | | |
|---|---|---|---|
| (സി) | വൈദ്യുതി സ്വയംപര്യാപ്തതയ്ക്ക് നടപ്പിലാക്കിയ/നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളും പരിപാടികളും എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (സി) | ആഭ്യന്തര ഉൽപ്പാദനം കൊണ്ടു മാത്രം കേരളത്തിന്റെ ആവശ്യകത നിറവേറ്റുക എന്നുള്ളത് സമീപ ഭാവിയിലൊന്നും തന്നെ സാദ്ധ്യമാകുന്നതല്ല. ഇപ്പോഴുള്ള വൈദ്യുത ആവശ്യകതയുടെ ഏകദേശം 30%- ത്തോളം മാത്രമേ ആഭ്യന്തര ഉൽപ്പാദനത്തിലൂടെ നിറവേറ്റാൻ കഴിയുകയുള്ളൂ. ബാക്കി വേണ്ടുന്നത് അന്യ സംസ്ഥാനങ്ങളിലെ കേന്ദ്ര വൈദ്യുത നിലയങ്ങളിൽ നിന്നും, ദീർഘദൂര, മദ്ധ്യകാല, ഹ്രസ്വകാല കരാറുകൾ മുഖേനയും പവർ എക്സ്ചേഞ്ച് മുഖേനയുമാണ് ലഭ്യമാക്കുന്നത്. എങ്കിലും ആഭ്യന്തര ഉൽപ്പാദനം പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ജലവൈദ്യുത പദ്ധതികളും പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ വഴിയുള്ള പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.<br><br>നിലവിൽ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമായ 37 ജലവൈദ്യുത പദ്ധതികൾ വഴി 2055.76 മെഗാവാട്ട് വൈദ്യുതിയാണ് നിലവിൽ ഉൽപ്പാദിപ്പിക്കുന്നത്. വൈദ്യുതി സ്വയം പര്യാപ്തത ലക്ഷ്യമിട്ട് 166.5 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള '9' ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു. ഇതിന്റെ വിവരങ്ങൾ അനുബന്ധം1 ആയി ചേർത്തിരിക്കുന്നു. ഇതിനു പുറമെ പുതുതായി 145 മെഗാവാട്ടിന്റെ 15 ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.<br>വൈദ്യുതി സ്വയം പര്യാപ്തതയ്ക്കുവേണ്ടി നടപ്പിലാക്കിയ പാരമ്പര്യേതര ഊർജ്ജ പദ്ധതികളുടെ വിശദാംശം അനുബന്ധം 3 ആയും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 4 ആയും ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| | | | ചെറുകിട ജലവൈദ്യുത പദ്ധതി നയം 2012 പ്രകാരം 'Build, Own, Operate & Transfer' (BOOT) അടിസ്ഥാനത്തിൽ സ്വകാര്യ മേഖല, പഞ്ചായത്ത്, പബ്ളിക് സെക്ടർ കമ്പനികൾ എന്നീ മേഖലയിൽ മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ ഇതിനായി സർക്കാർ തെരഞ്ഞെടുത്ത ചെറുകിട ജലവൈദ്യുത പദ്ധതികൾ സർക്കാർ അനുവദിച്ചു വരുന്നു. കേന്ദ്ര സംസ്ഥാന സർക്കാർ സബ്സിഡിയോടെ സോളാർ ഓഫ് ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയായ 10,000 റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതി പ്രകാരം 2016-17 അവസാനത്തോടെ 9837 വീടുകളിൽ 1 കിലോവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിച്ചു നൽകി. ഇവ ഏകദേശം 10 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കുന്നതിന് പര്യാപ്തമാണ്. പാലക്കാട് കുഴൽമന്ദത്ത് 2 മെഗാവാട്ടിന്റെ ശൃംഖലാബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി കെ..എസ്.ഇ.ബി.ഗ്രിഡിലേക്ക് നൽകി വരുന്നു. അനെർട്ട് മുഖേന 2016-17 വർഷത്തെ പദ്ധതിയുടെ ഭാഗമായി 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി-5000 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സ്ഥാപിച്ചു നൽകാനും 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി 4000 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ചു നൽകാനുള്ള പദ്ധതികൾക്ക് വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു. 2017-18 സാമ്പത്തികവർഷം അനെർട്ട് മുഖേന സോളാർ ഫോട്ടോവോൾട്ടായിക്-സോളാർ വിൻഡ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | 16.65 കോടി രൂപയുടെ പദ്ധതിയുണ്ട്. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ ജില്ലാ കളക്ടറേറ്റ് അടക്കമുള്ള സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിന് 11.87 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ നിർമ്മാതാക്കളെ എംപാനൽ ചെയ്തും നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ നടപ്പിലാക്കി പ്രചരണ പ്രവർത്തനങ്ങൾ നടത്തിയും വ്യാപകമായ തോതിൽ വിവിധ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ അനെർട്ട് മുഖേന സ്ഥാപിച്ചു നൽകാൻ പദ്ധതിയുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

## നിർമ്മാണം നടന്നു വരുന്ന പദ്ധതികൾ

| നമ്പർ | പദ്ധതി | സ്ഥാപിതശേഷി (MW) | ഉല്പാദനശേഷി (MU) |
|---|---|---|---|
| 1 | കക്കയം | 3 | 10.39 |
| 2 | ഭൂതത്താൻകെട്ട് | 24 | 83.5 |
| 3 | പൊരിങ്ങൽകുത്ത് SHEP | 24 | 45.02 |
| 4 | ചെങ്കുളം ഓഗ്മെന്റേഷൻ | - | 85 |
| 5 | അപ്പർ കല്ലാർ | 2 | 5.14 |
| 6 | പള്ളിവാസൽ എക്സ്റ്റൻഷൻ | 60 | 153.9 |
| 7 | തോട്ടിയാർ | 40 | 99 |
| 8 | ചാത്തൻകോട്ടുനട II | 6 | 14.76 |
| 9 | പഴശ്ശി സാഗർ | 7.5 | 25.16 |
| ആകെ | | 166.5 | 521.87 |

സെക്ഷൻ ഓഫീസർ

അനുബന്ധം-2

## സംസ്ഥാനത്ത് നടപ്പിലാക്കുവാനായി ആവിഷ്കരിച്ചിരിക്കുന്ന പുതിയ ജലവൈദ്യുത പദ്ധതികൾ

| നമ്പർ | പദ്ധതി | സ്ഥാപിതശേഷി (MW) | ഉല്പാദനശേഷി (MU) |
|---|---|---|---|
| 1 | പെരുവണ്ണാമൂഴി | 6 | 24.7 |
| 2 | വടക്കേപ്പുഴ എക്സ്റ്റൻഷൻ | - | 0.7 |
| 3 | ചിന്നാർ | 24 | 76.45 |
| 4 | അപ്പർ ചെങ്കുളം | 24 | 53.22 |
| 5 | ലാഡ്രം | 3.5 | 12.13 |
| 6 | ഒലിക്കൽ | 5 | 10.26 |
| 7 | പൂവാരംതോട് | 3 | 5.88 |
| 8 | മാർമ്മല | 7 | 23.02 |
| 9 | ചെമ്പുകടവ് III | 7.5 | 17.715 |
| 10 | മാങ്കുളം | 40 | 82 |
| 11 | പീച്ചാട് | 3 | 7.74 |
| 12 | വെസ്റ്റേൺ കല്ലാർ | 5 | 17.41 |
| 13 | മരിപ്പുഴ | 6 | 14.84 |
| 14 | വാളാംതോട് | 75 | 15.291 |
| 15 | ആനക്കയം | 7.5 | 22.83 |
| | ആകെ | 14.9 | 334.18 |

അനുബന്ധം -3

## കെ.എസ്.ഇ.ബി.എൽ പൂർത്തീകരിച്ച സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പൂർത്തീകരിച്ച തീയതി |
|---|---|---|---|
| 1 | കഞ്ചിക്കോട് (ഗ്രൗണ്ട് മൗണ്ടഡ്) | 1.00 | 20.08.2015 |
| 2 | ചാലയൂർ ആദിവാസി കോളനിയിലെ വീടുകളുടെ മേൽക്കൂരയിൽ | 0.096 | 31.08.2015 |
| 3 | പൊരിങ്ങൽകുത്ത് പവർഹൗസിന്റെ മേൽക്കൂരയിൽ | 0.050 | 10.09.2015 |
| 4 | ഫ്ലോട്ടിംഗ് സോളാർ - ബാണാസുരസാഗർ റിസർവോയറിൽ | 0.010 | 21.01.2016 |
| 5 | ബാണാസുരസാഗർ റിസർവോയറിൽ പരിസരത്തുള്ള സോളാർ ട്രീ, സോളാർ ഫൗണ്ടൻ, സോളാർ ഫ്ലവർ, സോളാർ ക്യാനപ്പി | 0.003372 | 21.01.2016 |
| 6 | കൊല്ലങ്കോട് സബ് സ്റ്റേഷൻ പരിസരത്ത് | 1.00 | 08.08.2016 |
| 7 | പടിഞ്ഞാറത്തറ ഡാമിനു മുകളിൽ | 0.44 | 29.08.2016 |
| 8 | ഇടയാർ സബ് സ്റ്റേഷൻ സെക്ഷൻ & ഓഫിസ് പരിസരത്ത് | 1.25 | 05.09.2016 |
| 9 | ജനറേഷൻ റൂഫ് ടോപ്പ് പദ്ധതി 17 എണ്ണം | 0.7 | |
| 10 | പാലക്കാട് 5 ആദിവാസി കോളനി (ഡി.ഡി.ജി) | 0.047 | 30.11.2016 |
| 11 | ബാരാപോൾ കനാൽ ബാങ്ക് ഗ്രിഡ് കണക്ട് കനാൽ ബാങ്ക് | 1.00 | 07.11.2016 |
| 12 | പാലക്കാട് 2 ആദിവാസി കോളനികൾ (ഡി.ഡി.ജി) | 0.018 | 30.11.2016 |
| 13 | ബാരാപോൾ കനാൽ ടോപ്പ് ഗ്രിഡ് കണക്ട് കനാൽ ടോപ്പ് | 3.00 | 17.11.2016 |
| 14 | തലക്കുളത്തൂർ, കോഴിക്കോട് | 0.65 | 22.04.2017 |

| | | | |
|---|---|---|---|
| 15 | കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (27 നം) | 0.910 | |
| 16 | കെ.എസ്.ഇ.ബി ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (12 നം) | 0.46 | 21.12.2017 |
| 17 | തിരുവനന്തപുരം വൈദ്യുതി ഭവനത്തിൻെറ മുകളിൽ | 0.03 | 17.05.2017 |
| 18 | മഞ്ചേശ്വരം കാസർഗോഡ് | 0.50 | 30.05.2017 |
| 19 | കുറ്റിപ്പുറം | 0.50 | |
| 20 | ബാണാസുരസാഗർ റിസർവ്വോയർ/ കക്കയം ഗ്രിഡ് കണക്റ്റ് ഫ്ലോട്ടിംഗ് | 0.50 | |
| | ആകെ | 12.164372 | |

അനുബന്ധം - 4.

# നിർമ്മാണം നടക്കുന്ന സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഇപ്പോഴത്തെ നിലവാരം | കരാർ തുക (ലക്ഷം) |
|---|---|---|---|---|
| 1 | പോത്തൻകോട് സബ് സ്റ്റേഷൻ പരിസരത്ത് | 2.00 | നിർമ്മാണം പുരോഗമിക്കുന്നു (2017-18 പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു) | 1179 |
| 2 | പീരുമേട്, ഇടുക്കി | 0.50 | നിർമ്മാണം ആരംഭിച്ചു (2018-19 പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു) | 360.35 |
| 3 | ഏറ്റുമാനൂർ, കോട്ടയം | 1.00 | Wet land issue | 668.72 |
| 4 | നെന്മാറ | 1.5 | വർക്ക് ഓർഡർ നൽകി (2018-19 പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു) | 969 |
| 5 | പേഴയ്ക്കാപ്പള്ളി-മൂവാറ്റുപുഴ, എറണാകുളം | 1.25 | നിർമ്മാണം പുരോഗമിക്കുന്നു (2017-18 പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു) | 772 |
| 6 | പൊന്നാനി, മലപ്പുറം | 0.50 | നിർമ്മാണം ആരംഭിച്ചു (2018-19 പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു) | 353.9052 |
| 7 | ജില്ലാ പഞ്ചായത്ത് കണ്ണൂർ (29 നം) | 0.67 | 2018-19 ൽ പൂർത്തീകരിക്കും | |
| 8 | ജില്ലാ പഞ്ചായത്ത് കോഴിക്കോട് (44 നം) | 0.480 | 2018-19 ൽ പൂർത്തീകരിക്കും | |
| 9 | ജില്ലാ പഞ്ചായത്ത് മലപ്പുറം (11 നം) | 0.110 | 2018-19 ൽ പൂർത്തീകരിക്കും | |
| 10 | ജില്ലാ പഞ്ചായത്ത് കാസർഗോഡ് (3 നം) | 0.195 | 2018-19 ൽ പൂർത്തീകരിക്കും | |
| 11 | ആറ്റിങ്ങൽ മുനിസിപ്പാലിറ്റി (2 നം) | 0.027 | 2018-19 ൽ പൂർത്തീകരിക്കും | |
| 12 | സൗത്തിലെ ഗവൺമെന്റ് സ്ഥാപനങ്ങൾ (4 നം) | 0.057 | 2018-19 ൽ പൂർത്തീകരിക്കും | |
| 13 | കൊട്ടിയം, കൊല്ലം | 0.60 | 2018-19 ൽ പൂർത്തീകരിക്കും | |

| | | | | |
|---|---|---|---|---|
| 14 | മയിലാട്ടി, കാസർഗോഡ് | 1.00 | 2018-19 ൽ പൂർത്തീകരിക്കും | |
| 15 | മാടക്കത്തറ ചൂളിശ്ശേരി | 1.5 | 2018-19 ൽ പൂർത്തീകരിക്കും | |
| 16 | കെ.എസ്.ഇ.ബി.എൽ ന്റെ അധീനതയിലുള്ള വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ | 1.12 | 2018-19 ൽ പൂർത്തീകരിക്കും | |
| 17 | 8 സ്കൂൾ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ (ലാഭപ്രഭ സ്കീം പ്രകാരം) | 0.04 | 2018-19 ൽ പൂർത്തീകരിക്കും | |
| | **ആകെ** | 12.549 | | |

സെക്ഷൻ ഓഫീസർ